**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 851** **14-10-2026-ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ശല്യം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ശല്യം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

**മറുപടി:** മട്ടന്നൂർ മണ്ഡലത്തിൽ വന്യജീവിശല്യം തടയുന്നതിനായി കണ്ണവം റെയിഞ്ചിലെ പറക്കാട് ഭാഗത്ത് 3.0 കിലോമിറ്റർ നീളത്തിലും, ആക്കമുലയിൽ 2.5 കി.മീ. നീളത്തിലും സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. കൊട്ടിയൂർ റെയിഞ്ചിലെ തോലമ്പ്ര സെക്ഷനിൽ വന്യജീവി ആക്രമണം തടയുന്നതിനായി വനം വകുപ്പ് ജീവനക്കാർ സ്ഥിരം പട്രോളിംഗ് നടത്തി വരുന്നുണ്ട്.

**(ബി)** മട്ടന്നൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിന്റെ ഫലമായി കൃഷിനാശം സംഭവിച്ചവർക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** മട്ടന്നൂർ മണ്ഡലത്തിൽ നിന്നും വന്യജീവി ആക്രമണം മൂലമുള്ള നഷ്ടപരിഹാരത്തിനായി 2025-26 വർഷത്തിൽ ലഭിച്ച 146 അപേക്ഷകളിന്മേൽ കൃഷിനാശം സംഭവിച്ചവർക്ക് 8,14,096/- രൂപയും, 2026-27 വർഷത്തിൽ നാളിതുവരെലഭിച്ച 27 അപേക്ഷകളിന്മേൽ 1,25,560/- രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**